# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

## ദൂത് മുപ്പത്താറ്

## രാജ്യത്തിന്റെ മർമങ്ങളുടെ അനാവരണം

## (2)

Tue ഈ ദൂതിൽ 13:3 മുതൽ 8 വരെയും, 18 മുതൽ 23 വരെയുമുള്ള വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന രാജ്യത്തിന്റെ ഒന്നാമത്തെ മർമത്തിലെക്ക് നാം വരുന്നു.

"സ്വർഗരാജ്യം ഇന്നിന്ന കാര്യങ്ങളോട് സദൃശം" (വാ. 24, 31, 33, 44, 45, 47) എന്ന് മറ്റുള്ള ആറ് ഉപമകളിൽ പറഞ്ഞതുപോലെ, രാജ്യത്തിന്റെ മർമങ്ങളെ സംബന്ധിച്ച ഏഴ് ഉപമകളിൽ ഒന്നാമത്തേതിന്റെ ആരംഭത്തിൽ കർത്താവു പറഞ്ഞില്ല: കാരണം, രണ്ടാമത്തെ ഉപമയോടുകൂടെയായിരുന്നു സ്വർഗരാജ്യം ആരംഭിച്ചത്. ഒന്നാമത്തെ ഉപമയിൽ രാജ്യത്തിനുവേണ്ടി കർത്താവ് വിത്തു വിതയ്ക്കുവാൻ പുറപ്പെട്ടുപോകുക മാത്രമായിരുന്നു ചെയ്തത്. രാജ്യത്തിന്റെ രൂപീകരണത്തിനുവേണ്ടി വിളവായിരിക്കുവാൻ വിത്ത് വളർന്നിട്ടുണ്ടായിരുന്നില്ല. തന്മൂലം, രാജ്യം വന്നിരുന്നില്ല, മറിച്ച് കർത്താവിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ സമീപിച്ചിരുന്നതേയുള്ളൂ (4:17).

### E. വിതയ്ക്കുന്നവന്റെ ഉപമ—രാജ്യത്തിനുവേണ്ടിയുള്ള രാജാവിന്റെ പ്രാഥമിക വേല

കർത്താവായ യേശു വന്നപ്പോൾ രാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക വേല ചെയ്യുവാൻ അവൻ വന്നു. അവന്റെ മനുഷ്യജീവിതത്തിലുടനീളം, അവന്റെ ജനനം മുതൽ പുനരുത്ഥാനം വരെ സ്വർഗരാജ്യം വന്നിട്ടുണ്ടായിരുന്നില്ല. തന്റെ ജീവിതത്തിൽ അവൻ ചെയ്തത് സ്വർഗരാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഒരു ഒരുക്കമായിരുന്നു.

### *1. വിതയ്ക്കുന്നവൻ വിത്തു വിതയ്ക്കുന്നു*

വിതയ്ക്കുന്നവൻ ചില വിത്തുകൾ വിതയ്ക്കുവാൻ പുറപ്പെട്ടുപോയി എന്ന് 3-ഉം 4-ഉം വാക്യങ്ങൾ പറയുന്നു. സ്വർഗരാജ്യം

സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക വേലയിൽ കർത്താവായ യേശു ഒരു വിതക്കാരനായി വന്നു. അനേകം തവണ കർത്താവ് ഗുരു എന്നു വിളിക്കപ്പെട്ടു. എന്നാൽ ഇവിടെ അവൻ ഒരു ഗുരുവായിട്ടല്ല, ഒരു വിതക്കാരനോട് തന്നെത്തന്നെ ഉപമിച്ചു. വാക്യം 3-ലെ വിതയ്ക്കുന്നവൻ കർത്താവു തന്നെയാണ് (വാ. 37). വാസ്തവത്തിൽ, കർത്താവ് ഉപദേശിക്കുവാനല്ല, വിത്തു വിതയ്ക്കുവാനാണ് വന്നത്. ഈ വിത്ത് എന്താണ്? അത് ജീവനായി രാജാവുള്ള രാജ്യത്തിന്റെ വചനമാണ് (വാ. 19). വിത്ത്, രാജ്യത്തിന്റെ ജനമായ പുത്രന്മാരാണ് (വാ. 38). നമ്മുടെ അനുഭവത്തെ നാം പരിശോധിക്കുമെങ്കിൽ, നമ്മെ രാജ്യത്തിന്റെ വിത്താക്കുവാനായി നമ്മുടെ മനുഷ്യത്വത്തിലേക്ക് കർത്താവായ യേശു വിതച്ച വിത്ത് അവൻതന്നെയാണെന്ന് നാം മനസ്സിലാക്കും. ഇവിടെ മൂന്നു കാര്യങ്ങൾ പരസ്പര ബന്ധമുള്ളതാണ്: രാജ്യത്തിന്റെ വചനവും, രാജ്യത്തിന്റെ പുത്രന്മാരും, വിത്തിനുള്ളിലെ ജീവനായ ക്രിസ്തുവും. ഈ മൂന്നിനെയും വേർപെടുത്തുവാൻ കഴിയുകയില്ല. വാസ്തവത്തിൽ രാജ്യത്തിന്റെ വചനം ജീവവചനമായ ക്രിസ്തു തന്നെയാണ്. ഈ വിത്ത് ഒടുവിൽ വിശ്വാസികളായ രാജ്യത്തിന്റെ പുത്രന്മാരെ ഉളവാക്കുന്നു. അതുകൊണ്ട്, വിത്ത്, രാജ്യത്തിന്റെ വചനത്തെയും, ജീവനായ ക്രിസ്തുവിനെത്തന്നെയും, രാജ്യത്തിന്റെ പുത്രന്മാരായ നമ്മെയും പരാമർശിക്കുന്നു. നമ്മുടെ ആളത്തത്തിലേക്ക് ജീവന്റെ വചനമായി ക്രിസ്തു വിതയ്ക്കപ്പെട്ടതിലൂടെ നാം രാജ്യത്തിന്റെ പുത്രന്മാരായിത്തീർന്നു.

പോരാടുന്നതിലൂടെയോ ഉപദേശിക്കുന്നതിലൂടെയോ അല്ല, പിന്നെയോ സ്വർഗരാജ്യം വളർന്നുവരത്തക്കവണ്ണം വിശ്വസിക്കുന്ന ജനത്തിലേക്ക് ജീവവിത്തായി അവനെത്തന്നെ വിതയ്ക്കുന്നതിലൂടെ ക്രിസ്തു രാജ്യം സ്ഥപിക്കുന്നുവെന്ന് ഈ ഉപമയിൽ നാം കാണുന്നു. സ്വർഗരാജ്യത്തിന്റെ സ്ഥാപനം തികച്ചും ജീവനിലുള്ള വളർച്ചയുടെ ഒരു വിഷയമാണ്. രാജ്യത്തെ സ്ഥാപിക്കുക എന്നത് രാജ്യത്തെ വളർത്തുക എന്നാണ്. ബാഹ്യമായ പ്രവൃത്തിയാലല്ല, ആന്തരികമായ വളർച്ചയാലാണ് രാജ്യം സ്ഥാപിക്കപ്പെടുന്നത്. ഈ കാര്യം നാം പിന്നെയും പിന്നെയും ഊന്നിപ്പറയണം. അനേകം ക്രിസ്തീയ വേലക്കാർ ഇത് കണ്ടിട്ടില്ലാത്തതുകൊണ്ട്, അവർ ഇപ്പോഴും ചിന്തിക്കുന്നത് സഭ വേലയാലും അധ്വാനത്താലും പണിയപ്പെടുന്നു എന്നാണ്. എന്നാൽ മനുഷ്യത്വത്തിലേക്ക് വിത്തായി ക്രിസ്തുവിനെ വിതയ്ക്കുന്നതിലൂടെ മാത്രമാണ് സഭ ഉളവാക്കപ്പെടുവാൻ കഴിയുന്നത്. ഈ വിത്ത് ജനത്തിനുള്ളിൽ വളരുകയും സഭയെ ഉളവാക്കുകയും ചെയ്യും. മനുഷ്യത്വത്തി ലേക്കു വിതയ്ക്കപ്പെട്ട ജീവവിത്തായ വചനത്തിലുള്ള ക്രിസ്തു തന്നെ സഭയെ വളർത്തും. സഭ വേലയാൽ ഉളവാക്കപ്പെടുന്നില്ല; അത് മൊത്തത്തിൽ ജീവനിലുള്ള വളർച്ചയാൽ ഉളവാക്കപ്പെടുന്നു.

അതുകൊണ്ട്, സ്വർഗരാജ്യം അസ്തിത്വത്തിലേക്ക് കൊണ്ടുവരപ്പെടുന്നത് ഉപദേശിക്കുന്നതിനാലോ പ്രവർത്തിക്കുന്നതിനാലോ അല്ല, മറിച്ച് മനുഷ്യത്വത്തിലേക്ക് ജീവനുള്ള ജീവവചനമായ ക്രിസ്തുവിനെ വിതയ്ക്കുന്നതിനാലാണ്. ഈ വിത്ത് വളരുകയും, അതിലുള്ള ജീവൻ രാജ്യത്തെ ഉളവാക്കുകയും ചെയ്യും. രാജ്യം തികച്ചും വളർച്ച പ്രാപിച്ച ജീവന്റെ ഒരു കാര്യമാണ്. രാജ്യത്തിന്റെ ഉറവിടം ജീവവിത്തായ ക്രിസ്തു ആണ്. രാജ്യം ജീവന്റെ ഒരു കാര്യമാണെന്ന വസ്തുത നമ്മിൽ എല്ലാവരിലും ആഴമായ മതിപ്പുള്ളവാക്കട്ടെ.

രാജ്യത്തിന്റെ പ്രാഥമിക വേലയുടെ വ്യക്തമായ ഒരു ചിത്രം നമുക്കു നൽകുന്ന ഈ ഉപമയിൽ, ക്രിസ്തു വിതയ്ക്കുന്നവനായി വന്നു. വിത്തിൽ ജീവനില്ലെങ്കിൽ യാതൊന്നും സംഭവിക്കുകയില്ലെന്ന് വിത്തു വിതയ്ക്കുന്ന എല്ലാവർക്കും അറിയാം. ജീവനെ കൂടാതെ, വളർച്ച ഉണ്ടായിരിക്കുക അസാധ്യമാണ്. ഈ ഉപമയിൽ പ്രവചിക്കുവാനുള്ള ഒരു വലിയ പ്രവാചകനായോ ഭരിക്കുവാനുള്ള ഒരു ശക്തനായ രാജാവായോ ക്രിസ്തു വന്നില്ല. അതെ, അവൻ ഒരു പ്രവാചകനും ഒരു രാജാവും ആണ്, എന്നാൽ ഈ ഉപമയിൽ ഒരു പ്രവാചകനോ ഒരു രാജാവോ ആയിട്ടല്ല, ഒരു വിതക്കാരനായി അവൻ പ്രത്യക്ഷപ്പെടുന്നു. അവന്റെ കൈയിൽ ഭരിക്കുന്നതിനോ അധികാരം പ്രയോഗിക്കുന്നതിനോ ഉള്ള ഒരു ചെങ്കോലില്ല, ജീവൻ ഉളവാക്കുവാനുള്ള വിത്താണുള്ളത്. വിത്തായി തന്നെത്തന്നെ വിതയ്ക്കുന്ന ഒരു വിതക്കാരനായി അവൻ വന്നു. ഓ, നാം എല്ലാവരും ഇത് കാണട്ടെ! ഈ ദർശനം നമ്മുടെ ധാരണയെയും ക്രിസ്തീയ വേലയെയും സമൂലമായി മാറ്റും. നാം ഈ ദർശനം കാണുന്നുവെങ്കിൽ, രാജ്യം ജീവന്റെ ഒരു വിഷയമാണെന്നും, സഭ നമ്മുടെ മനുഷ്യത്വത്തിലേക്ക് വിതയ്ക്കപ്പെട്ട ജീവ വിത്തിലുള്ള വളർച്ചയുടെ ഒരു കാര്യമാണെന്നും നാം അറിയുന്നതുകൊണ്ട് ഇനിമേൽ നാം ചെയ്യുന്നതിൽ നാം ആശ്രയിക്കുകയില്ല. അതുകൊണ്ട്, നാം പൂർണമായി ജീവന്റെ വളർച്ചയിൽ ആശ്രയിക്കും. മറ്റുള്ളവർ എന്തു ചെയ്യണമെന്ന് ഞാൻ ഉപദേശിക്കാറില്ലെന്ന് നിരവധി വർഷങ്ങളായി നമ്മോടുകൂടെ ഉണ്ടായിരുന്നവർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. അവരുടെ പെരുമാറ്റത്തെ സംബന്ധിച്ച് ഞാൻ അവർക്ക് നിർദ്ദേശങ്ങൾ നൽകാറില്ല. എന്നാൽ യോഗങ്ങളിലൂടെയും, സമ്മേളനങ്ങളിലൂടെയും, പരിശീലനങ്ങളിലൂടെയും ഞാൻ ക്രിസ്തുവിനെ സർവവും-ഉൾക്കൊള്ളുന്ന, ജീവൻ-നൽകുന്ന ആത്മാവായി ശുശ്രൂഷിച്ചിട്ടുണ്ട്.അത് എപ്പോഴും ക്രിസ്തുവിന്റെയും, ജീവന്റെയും, ആത്മാവിന്റെയും, സഭയുടെയും വിഷയമായിരുന്നു.

രാജ്യം ജീവൻ നമ്മിൽ വളരുന്നതിന്റെ കാര്യമാണന്ന ഈ അടിസ്ഥാന ദർശനം നാം എല്ലാവരും കാണേണ്ടതാവശ്യമാണ്. ക്യാമ്പസുകൾക്കുവേണ്ടി ഭാരപ്പെടുന്ന യുവാക്കൾ ഈ

ദർശനം കാണണം. യുവാക്കളേ, ഒരു വേല ചെയ്യുന്നതിനായി ക്യാമ്പസുകളിലേക്ക് നിങ്ങൾ പോകുന്നുവെങ്കിൽ, അത് യാതൊന്നും അർഥമാക്കുകയില്ല. വേല ചെയ്യുന്നതിനായി നിങ്ങൾ അവിടെ പോകാതെ, വിത്തു വിതയ്ക്കുന്ന ഒരു വിതക്കാരനായി പോകുക. സഹോദരൻ നീയുടെ കൂടെ ഞാൻ ചൈനയിലായിരുന്ന വർഷങ്ങളിൽ അദ്ദേഹം വേല ചെയ്യുകയല്ലായിരുന്നു എന്നു ഞാൻ കണ്ടു; അദ്ദേഹം ക്രിസ്തുവിനെ ഒരു വിത്തായി വിതയ്ക്കുകയായിരുന്നു. M.E. ബാർബർ വേല ചെയ്യാനല്ല ചൈനയിൽ വന്നതെന്ന് അവർ എന്നോടു പറഞ്ഞു. ക്രിസ്തുവിനെ വിതെച്ചുകൊണ്ട്, ക്രിസ്തുവിൽ അവളെപ്പോലും വിതെച്ചുകൊണ്ട് അവൾ ചൈനയിൽ ആയിരുന്നു. ചൈനയിലുള്ള ആ ജില്ലയിലേക്ക് വിതയ്ക്കപ്പെട്ട ഒരു വിത്തായിരുന്നു അവൾ. ഒടുവിൽ, ആ വിത്തിൽനിന്നും ചിലത് പുറത്തേക്കു വളർന്നു. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരം സഹോദരി ബാർബറിനാലും സഹോദരൻ നീയാലും വിതയ്ക്കപ്പെട്ട വിത്തിന്റെ ഉല്പന്നമാണ്. നമ്മുടെ പ്രവർത്തനം വലിയ കാര്യമാണെന്ന് ചിന്തിക്കരുത്. ഇല്ല, നമ്മുടെ പ്രവർത്തനം യാതൊന്നും അർഥമാക്കുന്നില്ല. നിങ്ങൾ സുവിശേഷങ്ങൾ വീണ്ടും പഠിക്കുന്നുവെങ്കിൽ, ഒന്നാമത്തെ ക്രിസ്തീയ വേലക്കാരൻ ക്രിസ്തു തന്നെയായിരുന്നു എന്നു നിങ്ങൾ കാണും. എങ്കിലും, അവൻ വളരെയധികം വേല ചെയ്തില്ല. പകരം, അവൻ വിതയ്ക്കുകയായിരുന്നു.

വിതയ്ക്കുന്നവന്റെ ഉപമയിൽ എന്തു ചെയ്യുവാൻ താൻ വന്നു എന്നതിന്റെ ഒരു ചിത്രം കർത്താവ് നമുക്കു തരുന്നു. അവൻ വിത്തു വിതയ്ക്കുന്ന ഒരു വിതക്കാരനായി വന്നു. അഹംഭാവികൾക്ക് ഈ ഉപമ ഒരു മർമമാണ്. പരീശന്മാർ ഒരുപക്ഷേ പറഞ്ഞിരിക്കാം, "ഇതിനെക്കുറിച്ചെല്ലാം ഞങ്ങൾക്കറിയാം, ഇതിനെക്കുറിച്ച് കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഒരു വിതക്കാരൻ എന്താണെന്ന് ഞങ്ങൾക്കറിയാം. ഒരു വിതക്കാരൻ കേവലം വിത്തു വിതയ്ക്കുന്നവനാണെന്നും ഈ വിത്ത് വിവിധതരം മണ്ണിൽ വീഴുന്നുവെന്നും ഞങ്ങൾക്കറിയാം. ഇത് പ്രാഥമികമാണ്. ആഴമുള്ള ചിലത്, തത്ത്വചിന്താപരമായ ചിലത് കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ച് ഞങ്ങളോട് പറയൂ. യേശുവേ, നീ മോശെയെയും സങ്കീർത്തനവും ഒരിക്കലും വായിച്ചിട്ടില്ലേ? ഇതിനെക്കുറിച്ച് കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, അല്ലാതെ വഴിയിലോ, പാറസ്ഥലങ്ങളിലോ, മുള്ളുകളിലോ, നല്ല മണ്ണിലോ വീണ ചില വിത്തിനെക്കുറിച്ച് കേൾക്കാനല്ല. നീ വെറുമൊരു നേഴ്സറി അധ്യാപകനാണ്." എന്നാൽ ആത്മാവിൽ ദരിദ്രരും, ഹൃദയത്തിൽ നിർമലരുമായവർക്ക് ഈ ഉപമ മോശെയുടെയും സകല സങ്കീർത്തനങ്ങളുടെയും പഠിപ്പിക്കലിനെക്കാൾ വളരെയധികം അഗാധമാണ്. വിതക്കാരനായും, വിത്തിനായും, നല്ല നിലത്തിനായും ഹല്ലേലൂയ്യാ!

ഇത് മൊത്തത്തിൽ ജീവന്റെ ഒരു വിഷയമാണ്. വിതക്കാരനെയും, വിതയ്ക്കുന്നതിനെയും, വിത്തിനെയും, വളർച്ചയെയും സംബന്ധിച്ച കൂടുതൽ ഗീതങ്ങൾ നമുക്കാവശ്യമാണ്. വീണ്ടും ഞാൻ പറയുന്നു, രാജ്യം വളരുന്നു; അത് നമ്മുടെ അധ്വാനത്താലല്ല പണിയപ്പെടുന്നത്. സഭയെ പണിയുവാൻ ശ്രമിക്കരുത്, കാരണം സഭയ്ക്ക് ആവശ്യമായിരിക്കുന്നത് വളർച്ചയാണ്. എല്ലാ ദിവസവും നാം ക്രിസ്തുവിനെ വിതയ്ക്കേണ്ടത് ആവശ്യമാണ്.

Wed അടുത്തിടെ ഒരു എതിരാളി ഒരു സഹോദരനോടു പറഞ്ഞു, "ഞങ്ങൾ നിങ്ങളെ തടയുവാൻ പോകുന്നു." കർത്താവിന്റെ പ്രത്യുദ്ധാരത്തെ തടയുവാൻ അവർ പദ്ധതിയിടുകയാണെന്ന് അവൻ പറഞ്ഞു. ഇത് ചെയ്യുവാൻ എതിരാളികൾ ശ്രമിക്കുന്നുവെങ്കിൽ അവർതന്നെ വിഷമത്തിലാകുന്നത് അവർ കാണും. ജീവന്റേതായ യാതൊന്നിനെയും സ്പർശിക്കാതിരിക്കുക, കാരണം നിങ്ങൾ എത്രയധികം അതിനെ സ്പർശിക്കുന്നുവോ, അത്രയധികം അത് പെരുകുന്നു. നിങ്ങൾ അതിനെ വെറുതെ വിടുന്നുവെങ്കിൽ, അത് അനങ്ങാതിരുന്നേക്കാം. എന്നാൽ നിങ്ങൾ അതിനെ സ്പർശിക്കുന്നുവെങ്കിൽ, അതു വളരും. ഏതെങ്കിലും വിത്തിനോട് നിങ്ങൾ ഇങ്ങനെ പറയുന്നുവെന്നു കരുതുക, "വിത്തേ, ഞാൻ നിന്നെ തടയും. ഞാൻ നിന്നെ നിലത്ത് കുഴിച്ചിടും." വിത്തിനെ സംബന്ധിച്ചിടത്തോളം അത് എത്ര നല്ലതാണ്! എന്നാൽ നിങ്ങൾ വിത്തുകളെ ഒരു പീഠത്തിൽ വച്ചുകൊണ്ട് അവയെ വിലമതിക്കുകയും, അവയെ നോക്കുകയും, അവയെ നിധിപോലെ കാക്കുകയും ചെയ്യുന്നുവെങ്കിൽ, അത് അവയെ തടുക്കുവാനുള്ള ഏറ്റവും ഫലപ്രദമായ രീതിയായിരിക്കും. എന്നാൽ ഭൂമിയിൽ കുഴിച്ചിട്ടുകൊണ്ട് വിത്തിനെ അവസാനിപ്പിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ വിത്തു വളരും. കർത്താവിന്റെ പ്രത്യുദ്ധാരം എന്താണെന്ന് എതിർക്കുന്നവർക്ക് അറിയില്ല. കർത്താവിന്റെ പ്രത്യുദ്ധാരം വേലയോ, ഉപദേശമോ, ദൈവശാസ്ത്രമോ അല്ല. അതൊരു വിത്താണ്; അത് ഒരു വിത്തായ ജീവനുള്ള ക്രിസ്തു ആണ്. ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു ആയിരക്കണക്കിന് അമേരിക്കക്കാരിലേക്ക് വിതയ്ക്കപ്പെട്ടിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുവാനുള്ള ഉറപ്പ് എനിക്കുണ്ട്. അവരെ തൊടരുത്. അവരെ ഉപദ്രവിക്കുവാനോ അവരെ കുഴിച്ചിടുവാനോ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ, ഒരു വിത്ത് അനേകം മണികളായി പെരുകും. കർത്താവിന്റെ പ്രത്യുദ്ധാരത്തെ ആർക്ക് തടയുവാൻ കഴിയും? വിത്ത് വിതയ്ക്കപ്പെട്ടു കഴിഞ്ഞു. തന്നെത്തന്നെ വിതയ്ക്കുവാൻ ഒരു വിതക്കാരനായി കർത്താവ് ഭൂമിയിലേക്കു വന്നു. ഹല്ലേലൂയ്യാ, യേശു മനുഷ്യത്വത്തിലേക്ക് വിതയ്ക്കപ്പെട്ടിരിക്കുന്നു! ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിലും തത്ത്വം അതു തന്നെയാണ്. ജീവവിത്തെന്ന നിലയിൽ

പ്രത്യുദ്ധാരം അമേരിക്കയിലും, യൂറോപ്പിലും, ബ്രസീലിലും, മറ്റനേകം സ്ഥലങ്ങളിലും വിതയ്ക്കപ്പെട്ടിരിക്കുന്നു. ആർക്കും യാതൊന്നിനും അതിനെ തടയുവാൻ കഴിയുകയില്ല. കർത്താവിന്റെ പ്രത്യുദ്ധാരം ഒരു പ്രസ്ഥാനമല്ല. അത് ജീവവിത്തെന്ന നിലയിൽ നമ്മുടെ ആഴത്തത്തിലേക്ക് വിതയ്ക്കപ്പെട്ട ക്രിസ്തുതന്നെയാണ്. വിതയ്ക്കുന്നവൻ ക്രിസ്തു ആണ്, നമ്മെ രാജ്യത്തിന്റെ പുത്രന്മാരാക്കുവാൻ നമ്മിലേക്ക് വിതയ്ക്കപ്പെട്ട വചനത്തിലുള്ള വിത്തും ക്രിസ്തുവാണ്.

ഈ ഉപമയും, കർത്താവിന്റെതന്നെ വ്യാഖ്യാനവും അനുസരിച്ച് ഈ വിത്ത് നമ്മുടെ ഹൃദയത്തിലേക്ക് വിതയ്ക്കപ്പെട്ടിരിക്കുന്നു (വാ. 19). നമ്മുടെ ഹൃദയം സ്വീകരിക്കുന്ന അവയവമല്ല, മറിച്ച് സ്നേഹിക്കുന്ന അവയവമാണെന്നും, സ്വീകരിക്കുന്ന നമ്മുടെ അവയവം ആത്മാവാണെന്നും മുമ്പ് നാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. യെഹെസ്കേൽ 36-നെ ആധാരമാക്കിയാണ് നാം ഇതു പറയുന്നത്; അവിടെ ഒരു പുതിയ ആത്മാവും ഒരു പുതിയ ഹൃദയവും നമുക്കു നൽകുന്നതിന് ദൈവം വാഗ്ദത്തം ചെയ്യുന്നു, പുതിയ ആത്മാവ് ദൈവത്തെ സ്വീകരിക്കുവാനും പുതിയ ഹൃദയം അവനെ സ്നേഹിക്കുവാനും ആണ്. ഇവിടെ ആത്മാവിനെക്കുറിച്ച് കർത്താവായ യേശു യാതൊന്നും പ്രസ്താവിക്കുന്നില്ല; എന്നാൽ വിത്തു വിതയ്ക്കപ്പെടുന്ന സ്ഥലം ഹൃദയമാണെന്ന് അവൻ പറയുന്നു. നമ്മുടെ ഹൃദയത്തിലൂടെ ആദ്യം കടന്നുപോകാതെ നമ്മുടെ ആത്മാവിലേക്ക് യാതൊന്നിനും പ്രവേശിക്കുവാൻ കഴിയുകയില്ല. 1 പത്രൊസ് 3:4-ൽ നമ്മുടെ ആത്മാവിനെ നമ്മുടെ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനെന്നു വിളിച്ചിരിക്കുന്നു. നമ്മുടെ ആത്മാവ് നമ്മുടെ ഹൃദയത്താൽ ചുറ്റപ്പെട്ടിരിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ഹൃദയത്തിന്റെ മുഖ്യമായ മൂന്നു ഭാഗങ്ങൾ മനസ്സും, വികാരവും, ഇച്ഛയുമാണ്. നാം കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ, നമ്മുടെ ആത്മാവിനെ നാം പ്രയോഗിക്കുകയായിരുന്നുവെന്ന അവബോധം നമുക്കുണ്ടായിരുന്നില്ല. എന്നാൽ നമ്മുടെ ഹൃദയംകൊണ്ട് അവനിൽ നാം വിശ്വസിച്ചുവെന്ന് നാം മനസ്സിലാക്കിയിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം അവനിൽ വിശ്വസിച്ചപ്പോൾ നമ്മുടെ ഹൃദയം നാം തുറന്നു. എന്നാൽ ഫലം, അവൻ നമ്മുടെ ആത്മാവിലേക്കു വന്നു എന്നതായിരുന്നു. അവനിൽ വിശ്വസിക്കുവാൻ നമ്മുടെ ഹൃദയം നാം തുറന്നപ്പോൾ, അവൻ നമ്മുടെ ആത്മാവിലേക്കു വന്നു. എന്നാൽ ക്രിസ്തുവിന് വളരാനുള്ള മണ്ണ് നമ്മുടെ ആത്മാവല്ല. മണ്ണ് നമ്മുടെ ഹൃദയമാണ്. നമ്മുടെ ഹൃദയമാണ് വിത്ത് വിതയ്ക്കപ്പെടുകയും അത് വളരുകയും ചെയ്യുന്ന മണ്ണായ നിലം എന്ന് ഈ ഉപമ തികച്ചും വ്യക്തമാക്കിത്തരുന്നു. അതുകൊണ്ട്, ഈ ഉപമയിൽ കർത്താവ് നമ്മുടെ ആത്മാവിനോട് ഇടപെടുന്നില്ല; മുഖ്യമായി അവൻ നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നു.

## 2. ചില വിത്തുകൾ വഴിയരികെ വീഴുന്നു

വാക്യം 4 പറയുന്നു, "അവൻ വിതയ്ക്കുമ്പോൾ ചില വിത്തുകൾ വഴിയരികെ വീണു, പറവകൾ വന്നു അവയെ വിഴുങ്ങിക്കളഞ്ഞു." വഴിയരികെ എന്നത് വഴിയോട് ചേർന്നുള്ള സ്ഥലമാണ്. വഴിയിലെ ഗതാഗതത്താൽ അത് കഠിനപ്പെട്ടതു നിമിത്തം നിലത്തെ തുളച്ചുചെല്ലുവാൻ വിത്തിന് പ്രയാസമാണ്. ലൗകികമായ ഗതാഗതത്താൽ കഠിനപ്പെടുകയും, രാജ്യത്തിന്റെ വചനം മനസ്സിലാക്കുവാൻ, ഗ്രഹിക്കുവാൻ തുറക്കാത്തതുമായ ഹൃദയത്തെ ഇത്തരത്തിലുള്ള വഴിയരിക് സൂചിപ്പിക്കുന്നു (വാ. 19). പറവകൾ സൂചിപ്പിക്കുന്നത് ദുഷ്ടനായ സാത്താനെയാണ്; അവൻ വന്ന് കഠിനമാക്കപ്പെട്ട ഹൃദയത്തിൽ വിതയ്ക്കപ്പെട്ട രാജ്യത്തിന്റെ വിത്തിനെ തട്ടിയെടുക്കുന്നു.

വിതയ്ക്കുന്നവന്റെ ഉപമയുമായി സ്വർഗരാജ്യത്തിന്റെ ഭരണഘടനയെ നിങ്ങൾ താരതമ്യം ചെയ്യുന്നുവെങ്കിൽ, ഈ ഉപമ ഭരണഘടനയുടെ ധാരണയിന്മേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ കാണും. ആത്മാവിൽ ദരിദ്രരായും ഹൃദയശുദ്ധിയുള്ളവരായും ഇരിക്കുന്ന വിഷയങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുന്നു. വഴിയരികിലുള്ളവർ ആത്മാവിൽ ദരിദ്രരോ, ഹൃദയശുദ്ധിയുള്ളവരോ അല്ലാത്തതുകൊണ്ട് അവർക്ക് വിത്തിനെ സ്വീകരിക്കുവാൻ കഴിയുകയില്ല. കൃഷിക്കുവേണ്ടിയുള്ള മണ്ണിന്റെ ഭാഗമായ വഴിയരിക് ഗതാഗതത്തോട് വളരെ അടുത്തായിരുന്നതുകൊണ്ട്, അത് ഗതാഗതത്താൽ കഠിനമുള്ളതായിത്തീർന്നു. ഇത് വിത്തിന് അതിനെ തുളച്ചു ചെല്ലുന്നത് അസാധ്യമാക്കി. അങ്ങനെ, വഴിയരികിലെ ഉപരിതലത്തിൽ വിത്ത് നിലനിന്നു. അവർക്ക് ലൗകികമായ വളരെയധികം ഗതാഗതം ഉള്ളതുകൊണ്ട് ആത്മാവിൽ ദരിദ്രരോ ഹൃദയശുദ്ധിയുള്ളവരോ അല്ല എന്ന് ഇത് സൂചിപ്പിക്കുന്നു. വിദ്യാഭ്യാസവും, വാണിജ്യവും, രാഷ്ട്രീയവും, ശാസ്ത്രവും, വ്യാപാരവും, മറ്റു തരത്തിലുള്ള ലൗകിക ഗതാഗതവും അവരുടെ മനസ്സിനും, വികാരത്തിനും, ഇച്ഛയ്ക്കും ഉള്ളിൽ അങ്ങോട്ടും ഇങ്ങോട്ടും പോകുന്നു. ഉദ്യോഗക്കയറ്റം, സ്ഥാനം, അതിമോഹം എന്നിവയിൽ അവർ മുഴുകിയിരിക്കുന്നു. ഇക്കാരണത്താൽ, രാഷ്ട്രീയത്തിലുള്ളവരോട് സുവിശേഷം പ്രസംഗിക്കുന്നത് വളരെ പ്രയാസമാണ്. രാഷ്ട്രീയക്കാർക്ക് വളരെയധികം ലൗകിക ഗതാഗതം അവരുടെ ആഴത്തിലുണ്ട്. രാഷ്ട്രീയത്തിൽ മുന്നേറ്റം അന്വേഷിക്കുന്നവർ ഒരു സ്ഥാനം നേടുന്നതിനോ മറ്റുള്ളവരെ കവിഞ്ഞുപോകുന്നതിനോ അതിമോഹമുള്ളവരാണ്. അതുപോലെ, വാൾ സ്ട്രീറ്റിലുള്ളവരോടും സുവിശേഷം പ്രസംഗിക്കുന്നത് പ്രയാസമാണ്. കർത്താവ് അവരെ തട്ടിത്താഴെയിടുന്നില്ലെങ്കിൽ, തങ്ങളിലേക്ക് വചനം

സ്വീകരിക്കുന്നതിന് അവർ വളരെ കഠിനന്മാരാണ്. പകലും രാത്രിയും അവർ അക്കങ്ങളിലും, പണത്തിലും, വ്യാപാരത്തിലും മുഴുകിയിരിക്കുന്നു. അവർക്ക് ആത്മാവിൽ ദരിദ്രരോ ഹൃദയശുദ്ധിയുള്ളവരോ ആയിരിക്കുവാൻ കഴിയുകയില്ല. വാൾ സ്ട്രീറ്റ് ഗതാഗതം അവരുടെ ഹൃദയത്തിൽ അവരെ കഠിനരാക്കുന്നു. അവരിലേക്ക് വിത്തു വിതയ്ക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ, വിത്തിന് അവരിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിയുകയില്ല. വിത്തിനുവേണ്ടി അവരിൽ യാതൊരു ഇടവുമില്ല. വിദ്യാഭ്യാസത്തിലുള്ള അനേകരുടെ ഇടയിലും, പ്രത്യേകിച്ച് ഡോക്ടറൽ ബിരുദം പിന്തുടരുന്നവരെ സംബന്ധിച്ചിടത്തോളം ഇത് സത്യമാണ്. കർത്താവിന്റെ ഉപമയിലുള്ള വഴിയരികിനെപ്പോലെ, തങ്ങളുടെ ഹൃദയം കഠിനമായിരിക്കത്തക്കവണ്ണം അവരുടെ ഹൃദയത്തിൽ വളരെയധികം ഗതാഗതം ഉണ്ടായിരിക്കുന്നു. അവർ ക്രിസ്തുവിന്റെ സുവിശേഷം കേൾക്കുമെങ്കിലും, അവരുടെ ഹൃദയത്തിലേക്ക് ഒരു വചനത്തിനുപോലും ഇറങ്ങിച്ചെല്ലുവാൻ കഴിയുകയില്ല.

നമ്മോട് സുവിശേഷം പ്രസംഗിച്ചപ്പോൾ, തന്റെ കരുണയിൽ നാം ആത്മാവിൽ ദരിദ്രരും ഹൃദയശുദ്ധിയുള്ളവരും ആയിരുന്നതിനായി നാം കർത്താവിന് സ്തോത്രം ചെയ്യുന്നു. ഞാൻ രക്ഷിക്കപ്പെട്ട ആ ദിവസം അവനോടു പറഞ്ഞു, "സർവലോകവും എനിക്കുള്ളതായിരിക്കുവാൻ കഴിഞ്ഞാലും ഞാൻ അതിനെ എടുക്കുകയില്ല. എനിക്ക് അതു വേണ്ട, എനിക്ക് അത് ഇഷ്ടമല്ല. കർത്താവേ, എന്റെ ഹൃദയം നിനക്കുവേണ്ടി സൂക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ ലൗകികമായ യാതൊരു ഗതാഗതവും ഉണ്ടായിരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല." കൃഷിത്തോട്ടത്തിലൂടെ ഗതാഗതമുണ്ടായിരിക്കുന്നത് ഒരിക്കലും നല്ലതല്ല. ഒരു കൃഷിക്കാരനും ഇത് അനുവദിക്കുകയില്ല. നിങ്ങൾ വഴിയരികിന്റെ ഭാഗമാണോ? വഴിയോട് ചേർന്നിരിക്കരുത്. കൃഷിയുടെ മധ്യത്തിൽ തങ്ങുക. അപ്പോൾ ലൗകികമായ ഗതാഗതം നിങ്ങളെ തൊടുകയില്ല.

### *3. ചിലത് പാറസ്ഥലങ്ങളിന്മേൽ വീഴുന്നു*

5-ഉം 6-ഉം വാക്യങ്ങൾ പറയുന്നു, "വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിന് താഴ്ചയില്ലാത്തതിനാൽ അവ പെട്ടെന്ന് മുളച്ചുവന്നു. എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അവയ്ക്ക് ചൂടേറ്റു; വേരില്ലാത്തതിനാൽ വാടിപ്പോയി." ഹൃദയത്തിന്റെ ആഴത്തിൽ വേരൂന്നുന്നതിൽ നിന്നും വിത്തിനെ തടസ്സപ്പെടുത്തുന്ന പാറകൾ—മറഞ്ഞിരിക്കുന്ന പാപങ്ങളും, വ്യക്തിപരമായ ആഗ്രഹങ്ങളും, സ്വന്തംകാര്യം അന്വേഷിക്കുന്നതും, സ്വയാനുകമ്പയും—ഉള്ളതുകൊണ്ട്, അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങൾ സൂചിപ്പിക്കുന്നത്, രാജ്യത്തിന്റെ

വചനം സ്വീകരിക്കുന്നതിൽ ആഴമില്ലാത്ത ഹൃദയത്തെയാണ്. പൊള്ളുന്ന ചൂടോടുകൂടിയ സൂര്യൻ കഷ്ടതയെയോ ഉപദ്രവത്തെയോ സൂചിപ്പിക്കുന്നു (വാ. 21); അത് വേരൂന്നാത്ത വിത്തിനെ ഉണക്കിക്കളയുന്നു. ഒരിക്കൽ വിത്ത് ആഴത്തിൽ വേരുന്നിക്കഴിഞ്ഞാൽ വിളയുടെ വളർച്ചയ്ക്കും പാകമാകലിനും വേണ്ടിയാണ് സൂര്യന്റെ ചൂട്. എന്നാൽ വിത്തിന് വേരില്ലാത്തതു നിമിത്തം, വളരുവാനും പാകമാകുവാനുമുള്ള സൂര്യന്റെ ചൂട് വിത്തിന് ഒരു മാരകാഘാതമായിത്തീരുന്നു.

പാറകളാൽ സൂചിപ്പിക്കപ്പെട്ട കാര്യങ്ങൾ സ്വർഗരാജ്യത്തിന്റെ ഭരണഘടനയിൽ പരിപൂർണമാക്കപ്പെട്ട പ്രമാണങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനോട് ഒത്തിരിക്കുന്നു (5:17-48). രണ്ടാമത്തെ തരത്തിലുള്ള ഭൂമി നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന കാര്യങ്ങളായ കോപം, മോഹം, സ്വയം, ജഡം എന്നിവയോട് ഒത്തിരിക്കുന്നു. ഒരുപക്ഷെ നമ്മുടെ ഇടയിലുള്ള അനേകർ വഴിയരികെ ഉള്ളവരല്ലായിരിക്കാം, എന്നാൽ ഒരു നല്ല സംഖ്യ പാറസ്ഥലങ്ങളായിരിക്കാമെന്ന് ഞാൻ വളരെ ആശങ്കപ്പെടുന്നു. കാഴ്ചയിൽ അവർ മറ്റുള്ളവരെപ്പോലെ തന്നെയാണ്, കാരണം മണ്ണ് ഉപരിതലത്തിലാണ്. എന്നാൽ അവർക്ക് ആഴമില്ല. മറിച്ച്, അവർക്ക് മോഹവും, കോപവും, സ്വയവും, ജഡവും ഉണ്ട്. ഇവയെല്ലാം മണ്ണിനടിയിൽ മറഞ്ഞിരിക്കുന്ന പാറകളാണ്. അതുകൊണ്ട്, ഒന്നാമത്തെ തരം മണ്ണ് ആത്മാവിൽ ദരിദ്രരും ഹൃദയത്തിൽ നിർമലരുമല്ലാത്തവരോട് ഒത്തിരിക്കുകയും, രണ്ടാമത്തേത് ഇപ്പോഴും തങ്ങളുടെ ഉപരിതലത്തിനടിയിൽ കോപവും, മോഹവും, പാപവും, സ്വയവും, ജഡവും ഉള്ളവരോട് ഒത്തിരിക്കുകയും ചെയ്യുന്നു. നിങ്ങളിൽ ചിലർ ഇപ്പോഴും നിങ്ങളുടെ മോഹത്തെയും, നിങ്ങളുടെ സ്വാർത്ഥതയെയും, നിങ്ങളുടെ ജഡത്തെയും മറച്ചുവച്ചിട്ടുണ്ടായിരിക്കാം. യോഗങ്ങളിൽ നിങ്ങൾ ഹല്ലേലൂയ്യാ എന്ന് ആർക്കുന്നുണ്ടാകാം, എന്നാൽ നിങ്ങൾക്ക് അധികം ആഴമില്ല. ആഴത്തിനു പകരം, പാറകളുണ്ട്. ഇന്നല്ലെങ്കിൽ നാളെ, ഈ എല്ലാ പാറകളും തുറന്നുകാട്ടപ്പെടും; കാരണം നിങ്ങളിലേക്ക് വിതയ്ക്കപ്പെട്ട വചനത്തിന് നിങ്ങളിൽ വേരുന്നുവാൻ കഴിയുകയില്ല. നിങ്ങൾ സന്തോഷവും ആനന്ദവും ഉള്ളവനും, കർത്താവിന് സ്തുതി ഘോഷിക്കുന്നവനും ആയിരിക്കാം, എന്നാൽ നിങ്ങളിൽ വേരില്ല. തന്മൂലം, കഷ്ടവും ഉപദ്രവങ്ങളും വരുമ്പോൾ, സൂര്യന്റെ പൊള്ളുന്ന ചൂടിൻ കീഴിൽ വാടിപ്പോകുന്ന വേരില്ലാത്ത ഒരു ചെടിയെപ്പോലെ നിങ്ങൾ ഉണങ്ങിപ്പോകുന്നു. കർത്താവിന് നമ്മോട് കരുണയുണ്ടായിരിക്കുകയും, മറഞ്ഞിരിക്കുന്ന എല്ലാ പാറകളെയും കുഴിച്ചെടുത്തുകളയുകയും ചെയ്യട്ടെ. നമ്മുടെ ഉള്ളിൽ ആഴത്തിൽ വിത്ത് വേരൂന്നുന്നതിനുവേണ്ടി നമ്മുടെ ഹൃദയത്തിൽ ഇടം ഉണ്ടായിരിക്കത്തക്കവണ്ണം അവൻ നമ്മുടെ

കോപത്തെയും, മോഹത്തെയും, സ്വയത്തെയും, ജഡത്തെയും, മറ്റുള്ള ഏത് പ്രതിലോമ കാര്യത്തെയും കുഴിച്ചെടുത്തുകളയട്ടെ.

## *4. ചിലത് മുള്ളുകളിന്മേൽ വീഴുന്നു*

വാക്യം 7 പറയുന്നു, "വേറെ ചിലത് മുള്ളുകളിന്മേൽ വീണു, മുള്ളുകൾ പൊങ്ങിവന്നു അവയെ ഞെരുക്കിക്കളഞ്ഞു." ഇവിടെ മുള്ളുകൾ സൂചിപ്പിക്കുന്നത് യുഗത്തിന്റെ ആകുലതയെയും, ധനത്തിന്റെ വഞ്ചനയെയുമാണ്; അത് ഹൃദയത്തിൽ വളരുന്നതിൽനിന്ന് വചനത്തെ തടസ്സപ്പെടുത്തുകയും ഫലമില്ലാത്ത തായിത്തീരുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഈ യുഗത്തിന്റെ ആകുലതയും, ധനത്തിന്റെ വഞ്ചനയുമായ മുള്ളുകൾ ധനത്തോടുള്ള രാജ്യജനത്തിന്റെ മനോഭാവം ഉൾപ്പെടുത്തിയിരി ക്കുന്ന ഭരണഘടനയിലെ ഭാഗത്തോട് യോജിക്കുന്നു (6:19-34). ഭരണഘടനയിലെ ആ ഭാഗത്തിൽ അനവധി തവണ "ആകുലത," "വ്യാകുലത" എന്നീ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തക്കുറിച്ച്, നാം എന്തു തിന്നുമെന്നോ, കുടിക്കുമെന്നോ, ധരിക്കുമെന്നോ ഉള്ളതിനെക്കുറിച്ച്, വ്യാകുലരായിരിക്കരു തെന്ന് കർത്താവ് നമ്മോടു പറയുന്നു. മൂന്നാമത്തെ തരം മണ്ണ് രണ്ടാമത്തേതുപോലെ അത്ര മോശമല്ലെങ്കിലും, ആകുലതയും ധനത്തിന്റെ വഞ്ചനയും നിമിത്തം അപ്പോഴും അതിൽ വളരുവാൻ വിത്തിന് പ്രയാസമാണ്. ഈ മുള്ളുകളെല്ലാം പിഴുതുകളയപ്പെടണം. ഈ യുഗത്തിന്റെ ആകുലതയും ധനത്തിന്റെ വഞ്ചനയും നമ്മുടെ ഹൃദയത്തിൽനിന്നു പിഴുതുകളയുന്നുവെങ്കിൽ വിത്തു വളരും.

വിതയ്ക്കുന്നവന്റെ ഉപമ വളരെ ലളിതമാണെന്നു തോന്നാം, എന്നാൽ അത് വാസ്തവത്തിൽ ആഴമുള്ളതും അഗാധവുമാണ്. അത് സ്വർഗീയ രാജാവിന്റെ സാന്നിധ്യത്തിൽ നമ്മുടെ ഹൃദയത്തിന്റെ യഥാർഥ അവസ്ഥയെ തുറന്നുകാണിക്കുന്നു. നമ്മിലുള്ളതൊക്കെയും തുറന്നുകാട്ടപ്പെടുന്നു. ഈ ഉപമയിൽ ലൗകിക ഗതാഗതത്താലുള്ള കഠിനതയെയും; മറഞ്ഞിരിക്കുന്ന മോഹത്തെയും, സ്വയത്തെയും, ജഡത്തെയും; യുഗത്തിന്റെ ആകുലതയെയും ധനത്തിന്റെ വഞ്ചനയെയും ഉൾപ്പെടുത്തിയിരി ക്കുന്നു. ഇവ വഴിയരികും, പാറകളും, മുള്ളുകളും ആണ്. നിങ്ങൾ വഴിയരികോ, മറഞ്ഞിരിക്കുന്ന പാറകളുള്ള മണ്ണോ, മുള്ളുകളുള്ള മണ്ണോ ആയിരിക്കുന്നിടത്തോളം, രാജ്യത്തിന് നിങ്ങളിൽ വളരുവാൻ കഴിയുകയില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സഭയ്ക്ക് അത്തരത്തിലുള്ള മണ്ണിൽ വളരുവാൻ കഴിയുകയില്ല. സഭ വളരുന്നതിനായി വിത്ത് നല്ല നിലത്തു വീഴണം.

## *5. വേറെ ചിലത് നല്ല നിലത്തിൽ വീഴുന്നു*

വാക്യം 8 പറയുന്നു, "എന്നാൽ വേറെ ചിലത് നല്ല നിലത്തു

വീണു ഫലം കായ്ച്ചു, ഒന്ന് നൂറു മടങ്ങ്, ഒന്ന് അറുപതു മടങ്ങ്, ഒന്ന് മുപ്പതു മടങ്ങ്." ലൗകികമായ ഗതാഗതത്താൽ കഠിനപ്പെടാത്തതും, മറഞ്ഞിരിക്കുന്ന പാപങ്ങളില്ലാത്തതും, യുഗത്തിന്റെ ആകുലതയും ധനത്തിന്റെ വഞ്ചനയും ഇല്ലാത്തതുമായ നല്ല ഹൃദയത്തെയാണ് നല്ല നിലം സൂചിപ്പിക്കുന്നത്. അങ്ങനെയുള്ള ഒരു ഹൃദയം, വചനം വളരേണ്ടതിനും, ഫലം കായ്ക്കേണ്ടതിനും, നൂറുമടങ്ങ് വിളവ് ഉൽപാദിപ്പിക്കേണ്ടതിനുമായി വചനം സ്വീകരിക്കാനുള്ള അതിന്റെ അടിത്തറയുടെ ഓരോ ഇഞ്ചും നൽകുന്നു (വാ. 23). നല്ല ഹൃദയം എന്നത് ലൗകികമായ യാതൊരു ഗതാഗതവും ഇല്ലാത്തതും, പാറകൾ ഇല്ലാത്തതും, മുള്ളുകൾ ഇല്ലാത്തതുമായ ഒരു ഹൃദയമാണ്. അതിന് മറഞ്ഞിരിക്കുന്ന യാതൊരു പാപമോ, സ്വാർഥതയോ, മോഹമോ, ജഡമോ, യുഗത്തിന്റെ ആകുലതയോ ധനത്തിന്റെ വഞ്ചനയോ ഇല്ല. ഇത്തരത്തിലുള്ള ഹൃദയം ആത്മാവിനോടു യോജിക്കുന്നതിന് വാസ്തവമായും നിർമലമാണ്. ഇങ്ങനെയുള്ള ഒരു ഹൃദയം ക്രിസ്തുവിനെ വളർത്തുന്ന നല്ല മണ്ണാണ്. ജീവവിത്തായ ക്രിസ്തുവിന് ഇത്തരത്തിലുള്ള ഹൃദയത്തിൽ, ഇത്തരത്തിലുള്ള മണ്ണിൽ മാത്രമേ വളരുവാൻ കഴിയുകയുള്ളൂ. ഇതാണ് രാജ്യത്തെ വളർത്തുവാൻ കഴിയുന്ന മണ്ണ്.

അമേരിക്കൻ ഐക്യനാടുകളിൽ ദശലക്ഷക്കണക്കിന് ക്രിസ്ത്യാനികളുണ്ട്. ഈയിടെ ഒരു മാസിക പറഞ്ഞത് ഈ രാജ്യത്തിൽ അമ്പത് ദശലക്ഷം വീണ്ടുംജനിച്ച ക്രിസ്ത്യാനികൾ ഉണ്ടെന്നാണ്. ഈ എണ്ണത്തിൽ നിർവ്യാജരായ എത്രമാത്രം ക്രിസ്ത്യാനികളുണ്ടെന്ന് കർത്താവിനു മാത്രമേ അറിയാവൂ. വളരെയധികം ക്രിസ്ത്യാനികളുണ്ടെങ്കിലും, നല്ല നിലം എത്രയുണ്ടായി രിക്കുമെന്ന് ഞാൻ അത്ഭുതപ്പെടുന്നു. എത്രപേർക്ക് ലൗകികമായ ഗതാഗതമോ, മറഞ്ഞിരിക്കുന്ന പാപങ്ങളോ, ജഡമോ, മോഹങ്ങളോ, സ്വയമോ, ആകുലതയോ, ധനത്തിന്റെ വഞ്ചനയോ ഇല്ല? എത്രപേർ ആത്മാവിൽ ദരിദ്രരും ഹൃദയശുദ്ധിയുള്ളവ രുമാണ്? അങ്ങനെയുള്ള ക്രിസ്ത്യാനികളെ കണ്ടെത്തുന്നത് വളരെ പ്രയാസമാണ്. നാം ക്രിസ്ത്യാനികളെക്കൊണ്ട് ചുറ്റപ്പെട്ടിരിക്കാമെ ങ്കിലും, വാസ്തവമായും ആത്മാവിൽ ദരിദ്രനും ഹൃദയശുദ്ധിയുള്ള വനുമായ ഒരുവനെ നാം വിരളമായേ കണ്ടെത്തുന്നുള്ളൂ. നിങ്ങൾ എങ്ങനെയാണ്? നിങ്ങളുടെ ഹൃദയത്തിൽ ഇപ്പോഴും ലൗകിക ഗതാഗതമുണ്ടോ? നിങ്ങൾ ആത്മാവിൽ ദരിദ്രനും ഹൃദയശുദ്ധിയു ള്ളവനുമാണോ? ഉള്ളിൽ ആഴത്തിൽ മറഞ്ഞിരിക്കുന്ന ഏതെങ്കിലും പാറകൾ ഉണ്ടോ? ഈ യുഗത്തിന്റെ ആകുലതയുടെയും ധനത്തിന്റെ വഞ്ചനയുടെയും കാര്യം എങ്ങനെയാണ്? ഈ ചോദ്യങ്ങൾ നാം പരിഗണിക്കേണ്ടതാണെങ്കിലും, നാം നിരാശപ്പെടരുത്. മറിച്ച്, നാം പ്രോത്സാഹിപ്പിക്കപ്പെടണം.

ദൈവത്തിന്റെ വ്യവസ്ഥയെ യാതൊന്നിനും തടസ്സപ്പെടുത്തുവാൻ കഴിയുകയില്ല. നല്ല നിലമായ ചിലരെങ്കിലും ഉണ്ടായിരിക്കും. കർത്താവിന്റെ ഉപമയാൽ സൂചിപ്പിക്കപ്പെട്ട ശതമാനമനുസരിച്ച് ഇത് വിശ്വാസികളുടെ ഇരുപത്തഞ്ചു ശതമാനമാണ്. അഞ്ചു ശതമാനത്തിൽപോലും ഞാൻ സന്തുഷ്ടനായിരിക്കും. എല്ലാ ക്രിസ്ത്യാനികളുടെയും ഇടയിൽ അഞ്ചു ശതമാനം ആത്മാവിൽ ദരിദ്രരും, ഹൃദയശുദ്ധിയുള്ളവരും, മറഞ്ഞിരിക്കുന്ന സ്വയമോ, ജഡമോ, പാപമോ ആകുലതയോ ധനത്തിന്റെ വഞ്ചനയോ ഇല്ലാത്തവരും ആയിരുന്നെങ്കിൽ, അത് എത്ര നല്ലതായിരിക്കും! ക്രിസ്തു തങ്ങളിൽ വളരുന്നതിന് അഞ്ചു ശതമാനംപേർ നിർമല രായിരുന്നെങ്കിൽ അത് എത്ര മനോഹരമായിരിക്കും! നിരവധി പ്രധാന പട്ടണങ്ങളിൽ ഇവിടെയും അവിടെയുമായി കർത്താവ് നല്ല നിലം കണ്ടെത്തും. കർത്താവ് കരുണയുള്ളവനാണ്. നമുക്ക് വളരെയധികം ഗതാഗതം ഉണ്ടായിരുന്നിരിക്കാം, എന്നാൽ കർത്താവു നമ്മെ വഴിയരികെനിന്നും രക്ഷിക്കുകയും കൃഷിത്തോട്ടത്തിന്റെ മധ്യത്തിൽ വയ്ക്കുകയും ചെയ്തു. തങ്ങളുടെ ഹൃദയത്തെ നല്ല നിലമാക്കേണ്ടതിനായി, കർത്താവ് മറഞ്ഞിരുന്ന സകല കാര്യങ്ങളെയും കുഴിച്ചെടുക്കുകയും, സകല മുള്ളുകളെയും പിഴുതെടുക്കുകയും ചെയ്ത അനേകം സഹോദരീ സഹോദരന്മാരെ എനിക്കറിയാം. ഇതിനായി കർത്താവിനെ സ്തുതിക്കുന്നു! നമ്മുടെ ഇടയിൽ നിരവധിപേർ നല്ല നിലം, നല്ല മണ്ണാണ് എന്നതിനു സംശയമില്ല. രാജ്യവും സഭയും ഇവിടെ വളർന്നുകൊണ്ടിരിക്കുന്നു. ഇവിടെ സഭാജീവിതത്തിൽ നാം ക്രിസ്തുവിനെ വളർത്തുകയും, നാം രാജ്യത്തെ വളർത്തുകയും ചെയ്യുന്നു. നമ്മുടെ പ്രവർത്തനത്താൽ രാജ്യം വരുന്നില്ല. അത് നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ വളർച്ചയാൽ മാത്രമേ വരുന്നുള്ളൂ. രാജ്യമായി അവനെത്തന്നെ വളർത്തുവാൻ അവന് നല്ല നിലം ഉണ്ടായിരിക്കത്തക്കവണ്ണം ജനത്തിലേക്ക് അവനെത്തന്നെ വിതയ്ക്കുന്ന വേല ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ കർത്താവ് ചെയ്തുകൊണ്ടിരി ക്കുന്നു എന്നത് നമ്മിൽ മതിപ്പുളവാക്കട്ടെ. ഇതാണ് ഒന്നാമത്തെ ഉപമയും, ഇതാണ് സ്വർഗരാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക വേലയും.